## 15 -ാം കേരള നിയമസഭ

## 6 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 518** **24-08-2022 - ൽ മറുപടിയ്ക്ക്**

## ക്ഷേമ പെൻഷനും മസ്റ്ററിംഗും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | അറിവില്ലായ്മകൊണ്ടും സാങ്കേതിക തകരാറ് മൂലവും മസ്റ്ററിംഗ് നടത്താത്തവരുടെ ക്ഷേമപെൻഷൻ വീണ്ടും മസ്റ്ററിംഗ് നടത്തി അർഹരായവർക്ക് നൽകുന്നതിന് എന്താണ് തടസ്സമെന്ന് അറിയിക്കാമോ; | (എ) | 2019 ഡിസംബർ 31 വരെ ക്ഷേമ പെൻഷനുകൾ അനുവദിച്ചവർക്ക് എല്ലാ മാസവും 1 മുതൽ 20 വരെ സ്വന്തം ചെലവിൽ അക്ഷയകേന്ദ്രങ്ങൾ മുഖേന മസ്റ്ററിംഗ് നടത്തുന്നതിന് അനുവാദം നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. മസ്റ്ററിംഗ് സോഫ്റ്റ്വെയറായ 'ജീവൻ രേഖ'യിൽ ഇതിനാവശ്യമായ ക്രമീകരണങ്ങൾ വരുത്തുന്നതിന് നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ, ഇൻഫർമേഷൻ കേരള മിഷൻ എന്നിവർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പ്രസ്തുത നടപടി പൂർത്തിയാകുന്ന മുറയ്ക്ക് മസ്റ്ററിംഗ് നടത്തുവാൻ കഴിയും. |
| (ബി) | യഥാസമയം മസ്റ്ററിംഗ് നടത്താത്ത കാലയളവിൽ അർഹരായ എത്രപേർക്കാണ് പെൻഷൻ നൽകാനുള്ളത്; ഇത് സംബന്ധിച്ച എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ? | (ബി) | 57,923 സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾക്കും, 95,072 ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കൾക്കുമാണ് യഥാസമയം മസ്റ്ററിംഗ് നടത്താത്ത കാലയളവിലെ പെൻഷൻ കുടിശ്ശിക ആയിട്ടുള്ളത്.<br><br>കുടിശ്ശിക നൽകുന്നത് സംബന്ധിച്ച 77 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ